# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.321     21.06.2018-ൽ മറുപടിയ്ക്ക്

## നികുതി വരുമാനത്തിലുള്ള ഇടിവ്

| ചോദ്യം<br>ശ്രീ.റോജി എം. ജോൺ<br>,, അടൂർ പ്രകാശ്<br>,, അനിൽ അക്കര<br>,, വി.ടി.ബൽറാം | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാരിന്റെ നികുതി വരുമാനത്തിലുള്ള വളർച്ച 2017-18-ൽ പ്രതീക്ഷിച്ച ഇരുപത്തഞ്ച് ശതമാനത്തിൽ നിന്നും പത്ത് ശതമാനമായി കുത്തനെ കുറഞ്ഞ സാഹചര്യം ഗൗരവമായി പരിഗണി ച്ചിട്ടുണ്ടോ; | (എ) | 2016 നവംബർ മുതൽ നോട്ട് നിരോധനം വന്നതും 01.07.2017 മുതൽ ജി.എസ്.ടി. നടപ്പിലാക്കിയതും സംസ്ഥാനത്തെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. 01.07.2017 മുതൽ ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് വരുമാനം ഗണ്യമായി വർദ്ധിക്കുമെന്നാണ് പ്രതീക്ഷിച്ചത്. എന്നാൽ അത്തരത്തിലുള്ള വർദ്ധനവ് ഉണ്ടായില്ല.<br>01.07.2017 മുതൽ സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയെങ്കിലും, ജി.എസ്.ടി. സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തന ക്ഷമമാകാത്തതിനാൽ നിയമത്തിൽ അനുശാസിച്ചതുപോലെയുള്ള പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിന് കാലതാമസം നേരിടുന്നു.<br>കേരളത്തിൽ മൊത്തം വാറ്റ് നികുതി പിരിവിന്റെ 70 ശതമാനത്തോളം, 14.5 ശതമാനം നിരക്കിലുള്ള കമ്മോഡിറ്റികളിൽ നിന്നുമായിരുന്നു. ജി.എസ്.ടി. നടപ്പിലായപ്പോൾ റവന്യൂ ന്യൂട്രൽ റേറ്റ് 28 ശതമാനം നിശ്ചയിച്ചു എങ്കിലും പിന്നീട് 18 ശതമാനമായി കുറച്ചു. ഇതിനെ തുടർന്ന് സംസ്ഥാനത്തിന് കിട്ടുന്ന നികുതി വിഹിതം 9 ശതമാനമായി കുറഞ്ഞു. കൂടാതെ അന്തർ സംസ്ഥാന ചരക്ക് കൈമാറ്റത്തിന് നൽകിയ ഐ.ജി.എസ്.ടി., എസ്.ജി.എസ്.ടി. അടയ്ക്കുന്നതി നായി അതിന്റെ ക്രെഡിറ്റ് ഉപയോഗിക്കുമ്പോൾ ആ ക്രെഡിറ്റ് പൂർണ്ണമായും സംസ്ഥാനത്തിന് അടുത്ത മാസം ലഭിക്കേണ്ടതാണ്. എന്നാൽ നികുതി റിട്ടേണിന്റെ മുഴുവൻ വിശദാംശങ്ങൾ ലഭിക്കുന്ന ജി.എസ്.ടി.എൻ. സോഫ്റ്റ് വെയർ പൂർണ്ണമായിട്ടില്ലാ ത്തതിനാൽ വിവരങ്ങൾ ലഭ്യമാകുന്നില്ല. ഇതും പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ |

| | | | |
|---|---|---|---|
| | | | കേരളത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്. |
| (ബി) | വ്യാപാരികൾക്ക് ജി.എസ്.ടി. റിട്ടേൺ ഫയൽ ചെയ്യുന്നതിന് അനുവദിച്ചിരുന്ന സമയപരിധി അവസാനിച്ചോ; എങ്കിൽ അതിന നുസൃതമായി നികുതി പിരിവിൽ വർദ്ധന രേഖപ്പെടുത്തുന്നുണ്ടോ; | (ബി) | വ്യാപാരികൾക്ക് 2017-18-ലെ ജി.എസ്.ടി. ആന്വൽ റിട്ടേൺ ഫയൽ ചെയ്യുന്നതിന് അനുവദിച്ചിരുന്ന സമയപരിധി 2018 ഡിസംബർ വരെ നീട്ടിയിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജി.എസ്.ഡി.പി.യുടെ വളർച്ചാ നിരക്ക് 2014-15 ലെ 13.11 ശതമാനത്തിൽ നിന്നും 2016-17 ൽ 11.37 ശതമാനമായി കുറഞ്ഞത് ജനങ്ങളുടെ ജീവിത നിലവാര ത്തിൽ ഉണ്ടായിട്ടുള്ള ഇടിവിനെ യാണ് സൂചിപ്പിക്കുന്നതെന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കു മോ; | (സി) | മൊത്തത്തിലുണ്ടായ മാന്ദ്യത്തിന്റെ പ്രതിഫലനം സംസ്ഥാന സമ്പദ് ഘടനയിലും ഉണ്ടായതിന്റെ ഫലമായാണ് ഇത് വിലയിരുത്തപ്പെടാത്തത്. |
| (ഡി) | സംസ്ഥാനത്തിന്റെ റവന്യൂ വരുമാന വളർച്ചാനിരക്ക് 2015-16-നെ അപേക്ഷിച്ച് 2016-17 ൽ എത്രയായിരുന്നു; വളർച്ചാ നിരക്ക് കുത്തനെ കുറഞ്ഞത് സംസ്ഥാന ത്തിന്റെ വികസനത്തെ എപ്രകാര മാണ് ബാധിച്ചതെന്ന് വ്യക്തമാക്കു മോ? | (ഡി) | സംസ്ഥാനത്തിന്റെ റവന്യൂ വരുമാന വളർച്ചാ നിരക്ക് 2015-16 നെ അപേക്ഷിച്ച് 2016-17 ൽ 9 ശതമാനമായിരുന്നു. |

**സെക്ഷൻ ഓഫീസർ**